**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2831** **28-02-2023 - ൽ മറുപടിയ്ക്ക്**

**വന്യജീവികളുടെ പുനരധിവാസ കേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീമതി ശാന്തകുമാരി കെ.** | | **ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സ്വാഭാവിക ആവാസവ്യവസ്ഥയിൽ നിന്നും ജനവാസ മേഖലയിലേക്കെത്തുകയും പരിക്ക് മൂലവും മറ്റ് ആരോഗ്യ പ്രശ്നങ്ങളാലും തിരികെ പോകുവാൻ സാധിക്കാത്തതുമായ വന്യമൃഗങ്ങളുടെ പരിപാലനത്തിനും പുനരധിവാസത്തിനും നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് ജനവാസമേഖലയിൽ ഇറങ്ങുന്നവയിൽ പിടികൂടുന്നതും പരിക്കും മറ്റ് ആരോഗ്യപ്രശ്നങ്ങളുമുള്ള വന്യമൃഗങ്ങളെ പരിപാലിക്കുന്നതിനായി വിവിധ ഡിവിഷനുകളുടെ കീഴിലായി 15 അസിസ്റ്റന്റ് ഫോറസ്റ്റ് വെറ്ററിനറി ഓഫീസർമാരുടെ സേവനം ലഭ്യമാണ്. പരിക്കും മറ്റ് ആരോഗ്യപ്രശ്നങ്ങളാലും തിരികെ കാട്ടിലേക്ക് അയയ്ക്കാൻ കഴിയാത്ത കടുവ, പുള്ളിപ്പുലി, എന്നിവയ്ക്കായി വയനാട് കുപ്പാടിയിൽ ഹോസ്പൈസ് സെന്റർ പ്രവർത്തിച്ചുവരുന്നു. |
| (ബി) | സംസ്ഥാനത്ത് ആനിമൽ ഹോസ്പൈസ് ആന്റ് പാലിയേറ്റീവ് കെയർ സെന്ററുകൾ സ്ഥാപിക്കുവാൻ സാധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ഉണ്ട്. സംസ്ഥാനത്ത് ജനവാസമേഖലയിൽ ഇറങ്ങുന്നവയിൽ പിടികൂടുന്നതും പരിക്കും മറ്റ് ആരോഗ്യപ്രശ്നങ്ങളുമുള്ള വന്യമൃഗങ്ങളെ പരിപാലിക്കുന്നതിനായി വിവിധ ഡിവിഷനുകളുടെ കീഴിലായി 15 അസിസ്റ്റന്റ് ഫോറസ്റ്റ് വെറ്ററിനറി ഓഫീസർമാരുടെ സേവനം ലഭ്യമാണ്. പരിക്കും മറ്റ് ആരോഗ്യപ്രശ്നങ്ങളാലും തിരികെ കാട്ടിലേക്ക് അയയ്ക്കാൻ കഴിയാത്ത കടുവ, പുള്ളിപ്പുലി, എന്നിവയ്ക്കായി വയനാട് കുപ്പാടിയിൽ ഹോസ്പൈസ് സെന്റർ പ്രവർത്തിച്ചുവരുന്നു. |
| (സി) | വന്യജീവികളുടെ പുനരധിവാസ കേന്ദ്രങ്ങൾ അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (സി) | വയനാട് ജില്ലയിൽ കുപ്പാടിയിൽ പ്രവർത്തിക്കുന്ന അനിമൽ ഹോസ്പൈസ് ആന്റ് പാലിയേറ്റീവ് കെയർ സെന്റർ ദേശീയ കടുവ സംരക്ഷണ അതോറിറ്റിയുടെയും കേന്ദ്ര മൃഗശാല അതോറിറ്റിയുടെയും മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പണി പൂർത്തീകരിച്ചിട്ടുള്ളതാണ്. കടുവ/പുള്ളിപുലികളെ പാർപ്പിക്കുന്നതിനായി 5 ഹോൾഡിംഗ് റൂമുകളും 4 ഓപ്പൺ പെഡോക്കുകളും തയ്യാറാക്കിയിട്ടുണ്ട്. എല്ലാ ഓപ്പൺ പെഡോക്കുകളിലും മൃഗങ്ങൾക്കായി കുളങ്ങളും മറ്റും |

| | | | |
|---|---|---|---|
| | | | ഒരുക്കിയിട്ടുണ്ട്. അത് കൂടാതെ 24 മണിക്കൂറും പ്രവർത്തിക്കുന്ന നിരീക്ഷണകേന്ദ്രം, വെറ്ററിനറി സമുച്ചയം, സ്ട്രോംഗ് റൂം, എന്നിവയും ഇവിടെ നിർമ്മിച്ചിട്ടുണ്ട്.<br><br>തിരുവനന്തപുരം ജില്ലയിലെ കോട്ടൂരിൽ ആനകളുടെ പുനരധിവാസത്തിനായി കിഫ്ബിയുടെ സഹായത്തോടെ അന്താരാഷ്ട്ര നിലവാരത്തിലുള്ള ആനപരിപാലനകേന്ദ്രത്തിന്റെ നിർമ്മാണം പുരോഗമിച്ചു വരുകയാണ്. 50 ആനകളെ അവയുടെ സ്വാഭാവിക ആവാസവ്യവസ്ഥയിൽ പാർപ്പിക്കുവാനുള്ള സൗകര്യം, കുട്ടിയാനകളുടെ പ്രത്യേക പരിചരണത്തിനുള്ള കേന്ദ്രം, ക്വാറൻറയിൻ സെൻറർ, വെറ്ററിനറി ഹോസ്പിറ്റൽ, പാപ്പാന്മാരുടെ താമസത്തിന് 40 പേർക്കുള്ള കുടുംബ ക്വാർട്ടേഴ്സുകൾ, 40 പേർക്കുള്ള ഡോർമിറ്ററി സൗകര്യം, ആനകൾക്ക് ഭക്ഷണം തയ്യാറാക്കുവാൻ വിശാലമായ കിച്ചൻ സൗകര്യം, ആനപിണ്ഡത്തിൽ നിന്ന് ക്രാഫ്റ്റ് പേപ്പർ നിർമ്മിക്കുവാനുള്ള സൗകര്യം, ആനകളെ ഒറ്റയ്ക്കും കൂട്ടമായും പാർപ്പിക്കുവാൻ 1 ഏക്കർമുതൽ 5 ഏക്കർ വരെ വിസ്തൃതിയിൽ ചുറ്റും ഇരുമ്പുവേലി കെട്ടിത്തിരിച്ച എൻക്ലോഷറുകൾ, ഓരോ എൻക്ലോഷറിലും ആനക്കൊട്ടിൽ, കുളങ്ങൾ, കേന്ദ്രത്തിന് ചുറ്റിലും കാട്ടാനകളെ തടയുന്നതിനുള്ള സംരക്ഷണ വേലി, പാപ്പാൻമാർക്കുള്ള നൈറ്റ് ഷെൽട്ടർ തടയണകൾ, 2.2 കി.മീ. ഫോറസ്റ്റ് റോഡ്, പോസ്റ്റുമോർട്ടത്തിനും ജഡം സംസ്കരിക്കുന്നതിനുമുള്ള കേന്ദ്രം, ഖര-ദ്രവ മാലിന്യസംസ്കരണ സംവിധാനം തുടങ്ങിയ സൗകര്യങ്ങൾ 176 ഹെക്ടർ വനത്തിലാണ് ഇവിടെ ഒരുക്കിയിട്ടുള്ളത്. ഇതോടൊപ്പം അഡ്മിനിസ്ട്രേറ്റീവ് ഓഫീസ്, സ്റ്റാഫുകൾക്കും ഓഫീസർമാർക്കുമുള്ള താമസസൗകര്യം, വിശാലമായ പാർക്കിംഗ് കേന്ദ്രങ്ങൾ, റിസപ്ഷൻ കേന്ദ്രം, റിസർച്ച് ആന്റ് ട്രെയിനിംഗ് കേന്ദ്രം, 16000 ച. അടിയിൽ ആന മ്യൂസിയം, കഫറ്റീരിയ, ടോയ്‌ലറ്റ് ബ്ലോക്ക്, ട്രെയിനിമാർക്കുള്ള ഹോസ്റ്റലുകൾ, വൈദ്യുതി വിതരണത്തിന് രണ്ട് സബ്സ്റ്റേഷനുകൾ, വൈദ്യുതി വിതരണ ശൃംഖല, ജലശുദ്ധീകരണ പ്ലാന്റും ജലവിതരണ സംവിധാനവും, റോഡുകളുടെ പുന:രുദ്ധാരണം എന്നീ സൗകര്യങ്ങളും ഒരുക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ